ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:09.04.2024**

## പ്രധാനവാർത്തകൾ

1. ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം രാജ്യത്ത് ആവേശകരമായി പുരോഗമിക്കുന്നു. പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് തമിഴ്നാട്ടിൽ പ്രചാരണത്തിനെത്തും.

2. തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർഥികളെക്കുറിച്ച് കൂടുതൽ അറിയാൻ വോട്ടർമാർ കെവൈസി ആപ്പ് പ്രയോജനപ്പെടുത്തണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ.

3. സ്വകാര്യമേഖലയിലെ തൊഴിലാളികൾക്ക് വോട്ടെടുപ്പ് ദിനമായ ഏപ്രിൽ 26ന് വേതനത്തോടു കൂടിയ അവധി ഉറപ്പാക്കണമെന്ന് തൊഴിലുടമകൾക്ക് ലേബർ കമ്മിഷണറുടെ നിർദ്ദേശം

4. ഈദുൽ ഫിത്തർ പ്രമാണിച്ച് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ലോകമെമ്പാടും ഉള്ള കേരളീയർക്ക് ആശംസകൾ നേർന്നു.

5. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിങ്സ് , സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും.

&&&&&&&&&&&&&&&&&

RNU TVPM

ഹെഡ് ലൈൻ - 1

## <u>പ്രധാനമന്ത്രി തിരഞ്ഞെടുപ്പ്</u>

ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം രാജ്യത്ത് ആവേശകരമായി പുരോഗമിക്കുന്നു. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി മധ്യപ്രദേശിലെ ബലാഘട്ടിൽ എൻഡിഎ പ്രചാരണയോഗത്തെ അഭിസംബോധന ചെയ്തു. ഈ നൂറ്റാണ്ടിലെ രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട തിരഞ്ഞെടുപ്പായിരിക്കും 2024 ലെ ലോക്സഭാ തിരഞ്ഞെടുപ്പെന്ന് പ്രധാനമന്ത്രി പറഞ്ഞു. തമിഴ്നാട്ടിൽ രണ്ട് ദിവസത്തെ തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി ശ്രീ. മോദി ഇന്നെത്തിച്ചേരും. ചെന്നൈയിലും, വെല്ലൂരിലും അദ്ദേഹം എൻ.ഡി.എ പ്രചാരണ പരിപാടികളെ അഭിസംബോധന ചെയ്യും.

&&&&&&&&&&&&&&&&&&

## <u>മുഖ്യമന്ത്രി തിരഞ്ഞെടുപ്പ്</u>

കൊല്ലം മണ്ഡലത്തിൽ ഇന്ന് നടന്ന എൽഡിഎഫ് പ്രചരണ പരിപാടികളിൽ മുഖ്യമന്ത്രിയും മുതിർന്ന സിപിഐ-എം നേതാവുമായ പിണറായി വിജയൻ പങ്കെടുത്തു. ചവറയിലും, കുണ്ടറയിലും, ചടയമംഗലത്തും നടന്ന പൊതുയോഗങ്ങളിലാണ് മുഖ്യമന്ത്രി പങ്കെടുത്തത്. കോൺഗ്രസിനും ബിജെപിയ്ക്കുമെതിരെ വിമർശനം ഉന്നയിച്ച മുഖ്യമന്ത്രി ഒരേ സാമ്പത്തിക നയമാണ് ഇരു രാഷ്ട്രീയ പാർട്ടികൾക്കുമുള്ളതെന്നും അഭിപ്രായപ്പെട്ടു. ഇന്ത്യയിൽ ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമാണ് കേരളമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&

## <u>മണ്ഡലങ്ങളിലൂടെ ആറ്റിങ്ങൽ (INTRO)</u>

***<u>തിരുവനന്തപുരം ജില്ലയിലെ രണ്ടാമത്തെ ലോക്സഭാ മണ്ഡലമായ ആറ്റിങ്ങലിൽ തിരഞ്ഞെടുപ്പ് പ്രചാരണം രണ്ടാം ഘട്ടത്തിലേക്ക്</u>***

RNU TVPM

*<u>കടന്നു. നാമ നിർദേശ പത്രികാ സമർപ്പണത്തോടെ മൂന്നു മുന്നണികളുടെയും സ്ഥാനാർത്ഥികളുടെ പ്രചാരണം കൂടുതൽ ഊർജിതമായി.</u>*

*<u>വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട് ......</u>*

*<u>(വോയിസ്)</u>*

&&&&&&&&&&&&&&&&&&

<u>ലക്ഷദ്വീപ് -പ്രചാരണം</u>

ലക്ഷദ്വീപിൽ ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം സജീവമായി പുരോഗമിക്കുന്നു. ആദ്യ ഘട്ട തിരഞ്ഞെടുപ്പിൻറെ ഭാഗമായി ഈ മാസം 19 നാണ് ഇവിടെ വോട്ടെടുപ്പ്. NCP ശരത് പവാർ പക്ഷ സ്ഥാനാത്ഥിയും സിറ്റിങ് എംപിയുമായ മുഹമ്മദ് ഫൈസലിൻ്റെയും ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് സ്ഥാനാത്ഥി ഹംദുള്ളാ സെയ്ദിൻ്റെയും പ്രചാരണ പരിപാടികൾ അന്ത്രോത്ത് ദ്വീപിൽ പുരോഗമിക്കുകയാണ്. വിവിധ പ്രദേശങ്ങളിലെ സ്വീകരണങ്ങൾ ഏറ്റുവാങ്ങിയും വീടുകൾ തോറും കയറിയിറങ്ങി വോട്ടർമാരെ നേരിൽ കണ്ടുമാണ് ഇരുവരുടെയും പ്രചരണം. അജിത് പവാർ പക്ഷ NCP സ്ഥാനാത്ഥിയായ TP യുസഫ് , സ്വതന്ത്ര സ്ഥാനാത്ഥി കോയ എന്നിവരും പ്രചാരണ രംഗത്ത് സജീവമാണ്.

RNU TVPM

&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 2

<u>കെവൈസി ആപ്പ്</u>

ലോക്സഭ തിരഞ്ഞെടുപ്പിൽ മൽസരിക്കുന്ന സ്ഥാനാർഥികളെക്കുറിച്ച് കൂടുതൽ അറിയാൻ

വോട്ടർമാർക്ക് കെവൈസി ആപ്പ് ഉപയോഗിക്കാമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ . ലോക്സഭ തിരഞ്ഞെടുപ്പിൽ സുതാര്യത ഉറപ്പാക്കുക, ജനപ്രതിനിധിയാവാൻ പോകുന്ന വ്യക്തിയെക്കുറിച്ച് ശരിയായ തീരുമാനം എടുക്കാൻ വോട്ടർമാർക്ക് സൗകര്യം ഒരുക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് നോ യുവർ കാൻഡിഡേറ്റ് ആപ്പ് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാനാർഥികളുടെ ക്രിമിനൽ പശ്ചാത്തലം, ആരോപിക്കപ്പെട്ട കുറ്റകൃത്യത്തിന്റെ സ്വഭാവം, കേസിന്റെ നിലവിലെ സ്ഥിതി എന്നിവയൊക്കെ ആപ്പ് വഴി വോട്ടർമാർക്ക് അറിയാനാവും. നാമനിർദേശ പത്രികക്കൊപ്പം സ്ഥാനാർഥി സമർപ്പിച്ച സത്യവാങ്മൂലം ഡൗൺലോഡ് ചെയ്യാനും കഴിയും. ആൻഡ്രോയ്ഡ്, ഐഐഎസ് പ്ലാറ്റ്ഫോമുകളിൽ ആപ്പ് ലഭ്യമാണ്. ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നോ ആപ്പിൾ ആപ്പ് സ്റ്റോറിൽ നിന്നോ ആപ്പ് ഡൗൺലോഡ് ചെയ്ത് ഇൻസ്റ്റാൾ ചെയ്ത ശേഷം ലോക്സഭ തിരഞ്ഞെടുപ്പ് സെലക്ട് ചെയ്ത് മണ്ഡലം നൽകിയാൽ അവിടെ മൽസരിക്കുന്ന മുഴുവൻ സ്ഥാനാർഥികളുടെയും വിവരങ്ങൾ ലഭ്യമാകും.

RNU TVPM

&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 3

<u>ലേബർ കമ്മീഷണറേറ്റ്</u>

സ്വകാര്യമേഖലയിലെ ജീവനക്കാർക്കും തൊഴിലാളികൾക്കും ലോക്സഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് ഏപ്രിൽ 26ന് വേതനത്തോടു കൂടിയ അവധി പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ എല്ലാ തൊഴിലുടമകളും തൊഴിലാളികൾക്ക് അവധി ഉറപ്പാക്കണമെന്ന് ലേബർ കമ്മിഷണർ അർജുൻ പാണ്ഡ്യൻ . വാണിജ്യ വ്യവസായ വ്യാപാര സ്ഥാപനങ്ങളടക്കമുള്ള എല്ലാ സ്ഥാപനങ്ങളിലേയും ഐ ടി ,തോട്ടം മേഖലകളിലെയും വോട്ടവകാശമുള്ള മുഴുവൻ ജീവനക്കാർക്കും തൊഴിലാളികൾക്കും അവധി ബാധകമായിരിക്കും . സ്വന്തം ജില്ലക്ക് പുറത്ത്

ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന വോട്ടർമാർക്ക് അവരവരുടെ പോളിംഗ് സ്റ്റേഷനിൽ വോട്ട് രേഖപ്പെടുത്തുന്നതിന് വേതനത്തോടു കൂടിയ മതിയായ അവധി തൊഴിലുടമ ഉറപ്പാക്കണമെന്നും കമ്മിഷണർ അറിയിച്ചു .

&&&&&&&&&&&&&&&&&

## കേരള സ്റ്റോറി-പ്രകാശ് ജാവദേക്കർ

കേരള സ്റ്റോറി സിനിമയുമയായി ബന്ധപ്പെട്ട വിവാദം സംസ്ഥാനത്ത് തുടരുന്നു. കേരളസ്റ്റോറി കാണുന്നതിനെ ആർക്കും തടയാനാവില്ലെന്നും,അത് കാണുന്നവരുടെ സ്വാതന്ത്ര്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ മനസ്സിലാക്കണമെന്നും ബി.ജെ.പി കേരള പ്രഭാരി പ്രകാശ് ജാവദേക്കർ കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു. എന്നാൽ ഒരു വിഭാഗം ജനങ്ങളെ മറ്റൊരു വിഭാഗത്തിനെതിരെ തിരിച്ചുവിടാനുള്ള ശ്രമമാണ് കേരളാസ്റ്റോറിയെന്നും നാടിനെ അപകീർത്തിപ്പെടുത്താനുള്ള ഭാവനാസൃഷ്ടിയാണിതെന്നും മുഖ്യമന്ത്രി പ്രതികരിച്ചു. കേരളസ്റ്റോറി പ്രദർശിപ്പിക്കുന്നത് മതസ്പർദ്ദ ഉണ്ടാക്കാനുള്ള നീക്കമാണെന്ന് കോൺഗ്രസ്സ് നേതാവ് എം എം ഹസ്സൻ പ്രതികരിച്ചു.

RNU TVPM

&&&&&&&&&&&&&&&&&

## കെജ്രിവാൾ

മദ്യനയ അഴിമതിക്കേസിൽ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് അറസ്റ്റ് ചെയ്തതിനെ ചോദ്യം ചെയ്തുള്ള ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിൻറെ ഹർജി ഡൽഹി ഹൈക്കോടതി തള്ളി. കെജ്രിവാളിനെ ഇ.ഡി കസ്റ്റഡിയിൽ വിട്ട വിചാരണക്കോടതി നടപടിയും ഹൈക്കോടതി ശരിവച്ചു. മതിയായ മൊഴികളും, മറ്റ് തെളിവുകളും ഇഡി ഹാജരാക്കിയതായി കോടതി നിരീക്ഷിച്ചു.

&&&&&&&&&&&&&&&&&

## ഹൈക്കോടതി റദ്ദാക്കി

കാസർഗോഡ് ഗവൺമെൻറ് കോളേജ് പ്രിൻസിപ്പാൾ ആയിരുന്ന ഡോ. എം രമക്കെതിരെ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ ഹൈക്കോടതി റദ്ദാക്കി.

ഡോ. രമയ്ക്കെതിരെ റിട്ടയർമെൻറ് ദിവസം പുറപ്പെടുവിച്ച കുറ്റപത്രവും , കോളേജിയേറ്റ് എജുക്കേഷൻ ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണവും ഡിവിഷൻ ബെഞ്ച്

റദ്ദാക്കി. നടപടികൾക്കെതിരെ ഡോ. രമ നൽകിയ ഹർജിയിലാണ് ഉത്തരവ്. ഒരു ഓൺലൈൻ മാധ്യമത്തിന് നൽകിയ ഇൻറർവ്യൂവിൽ , കോളേജിൽ നടന്നുവന്ന ലഹരി ഉപയോഗം ഉൾപ്പെടെയുള്ള അനാശാസ്യ പ്രവണതകളെ കുറിച്ച് കോളേജ് പ്രിൻസിപ്പൽ ആയിരുന്ന അവർ പങ്കുവെച്ചിരുന്നു. ഇതേ തുടർന്നുള്ള വിരോധമാണ്, നടപടിക്ക് കാരണമെന്നായിരുന്നു ഡോ. രമയുടെ വാദം.

&&&&&&&&&&&&&&&&&

RNU TVPM

## ഈദ്

മാസപ്പിറവിയുടെ അടിസ്ഥാനത്തിൽ ഈദുൽ ഫിത്വർ സംബന്ധിച്ച തീരുമാനമെടുക്കുന്നതിനായി ചേരുന്ന ഇമാമുമാരുടെ മീറ്റിംഗ് പാളയം ജുമാ മസ്ജിദിൽ പുരോഗമിക്കുന്നു. മണക്കാട് വലിയപള്ളിയിലും മാസപ്പിറവി സംബന്ധിച്ച ഖാസിമാരുടെയും ഖത്തീബുമാരുടെയും സംയുക്ത യോഗം നടക്കുകയാണ്. ഒമാൻ ഒഴികെയുള്ള ഗൾഫ് രാജ്യങ്ങളിൽ നാളെയാണ് ചെറിയ പെരുനാൾ.

&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 4

ഈദ് ആശംസകൾ-ഗവർണർ

ഈദുൽ ഫിത്തർ പ്രമാണിച്ച് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ലോകമെമ്പാടും ഉള്ള കേരളീയർക്ക് ആശംസകൾ നേർന്നു. ആത്മനിയന്ത്രണത്തിന്റെയും ത്യാഗത്തിന്റെയും ഉദാരതയുടെയും മഹിമയെ വാഴ്ത്തുന്ന ആഘോഷമാണ് ഈദുൽ ഫിത്തറെന്ന് ഗവർണർ ആശംസാ സന്ദേശത്തിൽ പറഞ്ഞു. കനിവും സാഹോദര്യവും ജീവിതത്തിൽ എന്നും മാർഗ്ഗദീപമാകട്ടേ എന്നും അദ്ദേഹം ആശംസിച്ചു.

&&&&&&&&&&&&&&&&&

കൊച്ചുപമ്പാ ഡാം തുറന്നു

ശബരിമലയിൽ മാസ പൂജയ്ക്കായി എത്തുന്ന ഭക്തരുടെ സ്നാനഘട്ടമായ പമ്പ ത്രിവേണിയിൽ ജലനിരപ്പ് താഴ്ന്നതിനാൽ മേടമാസ പൂജയുടെ പശ്ചാത്തലത്തിൽ കൊച്ചുപമ്പ ഡാം തുറന്നു. ഈ മാസം 18 വരെ പ്രതിദിനം 25,000 ക്യുബിക്ക് മീറ്റർ വെള്ളം വീതമാണ് തുറന്നുവിടുന്നത്. ഈ സാഹചര്യത്തിൽ പമ്പാ ത്രിവേണിയിലെ ജലനിരപ്പ് ഏകദേശം അഞ്ച് സെന്റിമീറ്റർ ഉയരാനുള്ള സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം.

RNU TVPM

&&&&&&&&&&&&&&&&&

റവന്യൂ ഹാക്ക്

റവന്യൂ വകുപ്പിന്റെ സാമൂഹിക മാധ്യമ വിഭാഗമായ റവന്യൂ ഇൻഫർമേഷൻ ബ്യൂറോയുടെ ഫേസ് ബുക്ക്, യൂട്യൂബ് അക്കൗണ്ടുകൾ ഹാക്ക് ചെയ്യപ്പെട്ടു. ഫേസ്ബുക്ക് അക്കൗണ്ട് ഹാക്ക് ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് ഏപ്രിൽ അഞ്ചിന് സൈബർ ഡോമിലും സംസ്ഥാന ഐ ടി മിഷനിലും

റവന്യു ഇൻഫർമേഷൻ ബ്യൂറോ പരാതി നൽകിയിരുന്നു. എന്നാൽ ഇന്ന് ഉച്ചയോടെ യൂട്യൂബ് ചാനലും ഹാക്ക് ചെയ്യപ്പെട്ടു. തെറ്റായ സന്ദേശങ്ങളും വിവരങ്ങളും പങ്കുവയ്ക്കപ്പെടാൻ സാധ്യതയുള്ളതിനാൽ പൊതുജനങ്ങൾ ജാഗ്രത പുലർത്തണമെന്ന് റവന്യൂ ഇൻഫർമേഷൻ ബ്യൂറോ അറിയിച്ചു.

&&&&&&&&&&&&&&&&&&

**<u>കണ്ണൂർ ആറളം ഫാം</u>**

കണ്ണൂർ ആറളം ഫാമിൽ തമ്പടിച്ച ആനകളെ കാട്ടിലേക്ക് തുരത്തുന്നതിനുള്ള നടപടി പുനരാരംഭിച്ചു. രണ്ടാം ഘട്ടത്തിൽ പത്ത് ആനകളെയാണ് കാട്ടിലേക്ക് തുരത്തിയത്. ഫാമിലിറങ്ങി ഫലവൃക്ഷങ്ങൾ നശിപ്പിക്കുന്നത് ആനകൾ പതിവാക്കിയതിനെ തുടർന്നാണ് നടപടി ശക്തമാക്കിയത്

&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 5

**<u>ഐപിഎൽ</u>**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് പഞ്ചാബ് കിങ്സ് , സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. മൊഹാലി ക്രിക്കറ്റ് സ്റ്റേഡിയത്തിൽ രാത്രി 7.30- നാണ് മത്സരം. പോയിൻറ് പട്ടികയിൽ ഹൈദരാബാദ് അഞ്ചാം സ്ഥാനത്തും, പഞ്ചാബ് ആറാം സ്ഥാനത്തുമാണ് ഇപ്പോൾ നിൽക്കുന്നത്.

&&&&&&&&&&&&&&&&&&

RNU TVPM

## കാലാവസ്ഥ

സംസ്ഥാനത്ത് ഈ മാസം 13 വരെ ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള ജില്ലകളിൽ ഇന്ന് വേനൽമഴയ്ക്ക് സാധ്യതയുണ്ട് . അതേസമയം സംസ്ഥാനത്തെ

വിവിധ ജില്ലകളിൽ കനത്ത ചൂട് തുടരുകയാണ്. പാലക്കാട് താപനില 41 ഡിഗ്രി സെൽഷ്യസ് വരെയും കൊല്ലം ജില്ലയിൽ 40 ഡിഗ്രി സെൽഷ്യസ് വരെയും ഉയരുമെന്ന് മുന്നറിയിപ്പ്.

&&&&&&&&&&&&&&&&&&

## ഓഹരി - സ്വർണ വില

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബേ ഓഹരി സൂചിക സെൻസെക്സ് 58 പോയിന്റ് കുറഞ്ഞ് 74,683-ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 23 പോയിന്റ് നഷ്ടത്തിൽ 22,642 -ലും വ്യാപാരം അവസാനിപ്പിച്ചു. രാജ്യത്തെ ഓഹരി വിപണികൾ ഇന്ന് സർവ്വകാല റെക്കോർഡ് നേട്ടത്തോടെ ആണ് വ്യാപാരം ആരംഭിച്ചത്. സെൻസെക്സ് ചരിത്രത്തിൽ ആദ്യമായി 75,000 പോയിൻറ് മറികടന്നിരുന്നു.

RNUTVPM

സംസ്ഥാനത്ത് സ്വർണവില ഇന്ന് വീണ്ടും വർധിച്ചു. ഗ്രാമിന് 25 രൂപയും പവന് 200 രൂപയുമാണ് ഉയർന്നത്. ഇതോടെ ഒരു ഗ്രാം സ്വണവില 6,600 രൂപയും പവന് വില 52,800 രൂപയുമായി. അന്താരാഷ്ട്ര വിലയിലുണ്ടായ മാറ്റത്തിന്റെ ചുവടുപിടിച്ചാണ് കേരള വിപണിയിലും സ്വർണ വില ഉയരുന്നത്.

&&&&&&&&&

&&&&&&&&

&&&&&